DESPATCHED
On.21/2/2020

29/01/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.465(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.5185/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. കെ.വി. ചെറിയാൻ,
പറക്കാവുങ്കൽ ഹൗസ്,
ആനിക്കാട് പി.ഒ.,
മല്ലപ്പള്ളി വെസ്റ്റ്, പത്തനംതിട്ട. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ആസ്ഥാന
കാര്യാലയം,
തിരുവനന്തപുരം – 33. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18/12/2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06/01/2015 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 01/04/2015 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 04/04/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29/04/2015, 17/01/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 22/01/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28/01/2020 – സംസ്ഥാന വിവരാവകാശ കമ്മീഷൻ ആഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. കെ.വി. ചെറിയാൻ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട റിപ്പോർട്ട് നാളിതുവരെ നൽകിയിട്ടില്ല എന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, പത്തനംതിട്ട ജില്ലയിൽ ആനിക്കാട് ഗ്രാമപഞ്ചായത്തിലെ സിമന്റ് കുംഭകോണവും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പൂർത്തീകരിക്കാത്ത പണികളെ കുറിച്ചുള്ള പരാതിയും സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിന്റെ തത്സ്ഥിതിയും പുരോഗതിയും ലഭ്യമാക്കണമെന്നാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിഷയത്തിൽ ഒരു സത്വരാന്വേഷണം (ക്യൂ.വി.6/2014/പി.റ്റി.എ.) നടത്തിയിരുന്നു എന്നും അത് അന്വേഷണ ഘട്ടത്തിലാണെന്നും ഹർജിക്കാരനെ 6.1.2015 തീയതി അറിയിച്ചിരുന്നു എന്നും മേൽപ്പടി സത്വരാന്വേഷണം പൂർത്തിയാക്കി ബന്ധപ്പെട്ട ഭരണ വകുപ്പ് മുഖേന ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി 29.5.2015 തീയതി സർക്കാരിലെ വിജിലൻസ് വകുപ്പിലേക്ക് റിപ്പോർട്ട് അയച്ചിരുന്നു എന്നും മേൽപ്പടി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ട് മേൽപ്പടി റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് 17.7.2015 തീയതി കൈമാറിയിരുന്നു എന്നും തുടർനടപടികൾക്കായി മേൽപ്പടി റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചു നൽകിയിട്ടുള്ളതാണെന്നുമാണ്. മേൽപ്പടി മറുപടികളുടെ പകർപ്പുകൾ കമ്മീഷൻ മുമ്പാകെ റിപ്പോർട്ടിനോടൊപ്പം ഹാജരാക്കുകയും ചെയ്തു. ആയതിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചു നൽകിയിട്ടുള്ളതായും കാണുന്നു.

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 29–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

RIGHT TO INFORMATION